പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 557

09.07.2012- ലെ
മറുപടിക്ക്

കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ.സദാശിവൻ<br>" ജി.സുധാകരൻ<br>,, കെ. ദാസൻ<br>,, എസ്. ശർമ്മ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർപിരി-കയർ ഫാക്ടറി മേഖലയിലെ സ്തംഭനാവസ്ഥ മൂലം കയർ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി വിലയിരുത്തി യിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കയർ പിരി-കയർ ഫാക്ടറി മേഖലയിലെ പ്രവർത്തനം മന്ദീഭവിച്ചതു മൂലം കയർ മേഖലയിലുണ്ടായിട്ടുളള ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ട്. |
| (ബി)ചകിരിക്ഷാമവും, തൊഴിലാളി കളുടെ കൊഴിഞ്ഞു പോക്കും കയർ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് പരിശോധിച്ചി ട്ടുണ്ടോ; | (ബി) ഉണ്ട്. ചകിരി ക്ഷാമവും തൊഴിലാളി കളുടെ കൊഴിഞ്ഞുപോക്കും കയർ മേഖലയെ ഒരു പരിധിവരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| സി)കയർപിരിമേഖലയെ തൊഴി-ലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തു മെന്ന് ബഹു. കേന്ദ്ര ഗ്രാമവികസന മന്ത്രി ആലപ്പുഴയിൽ വച്ച് പ്രസ്താവിച്ചത് ഇതുവരെ നടപ്പാക്കപ്പെടാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) കയർ പിരി മേഖല കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ടി പ്രൊപ്പോ-സൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി)കയർ തൊഴിലാളിക്ഷേമ ബോർഡിന്റെ പ്രവർത്തനം മോശമായതിനാൽ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാകാത്തത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) കയർ തൊഴിലാളി ക്ഷേമനിധി ബോർഡു മുഖാന്തിരം ക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കി വരികയാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ